**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 387** **28-06-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലക്കയറ്റം തടയുവാനും ന്യായവിലയിൽ ഉല്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാനുമായി ധനവകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (എ) | **സർക്കാർ സംവിധാനങ്ങളായ സപ്ലൈകോ, കൺസ്യൂമർ ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സർക്കാർ ഖജനാവിൽ നിന്നും പണം നൽകി സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ സർക്കാരിന്റെ പൊതു വിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷം നൽകിയ സബ്സിഡികളുടെ കണക്ക് താഴെ ചേർക്കുന്നു.**<br><br>**2019-2020- ൽ 132.22 കോടി രൂപയും 2020-2021 ൽ 3388.07 കോടി രൂപയും 2021-2022 ൽ 1826.19 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഭാഗമായി ഭക്ഷ്യ കിറ്റ് വിതരണം ചെയ്തതത് വഴി ഉണ്ടായിട്ടുള്ള ചെലവുകളും ഈ കണക്കിൽ ഉൾപ്പെടുന്നുണ്ട് .** |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് വിലക്കയറ്റമുണ്ടാകാതിരിക്കാൻ എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | **വിലക്കയറ്റം തടയുന്നതിന് പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.** |
| (സി) | വിലക്കയറ്റത്തിനു കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | **കോവിഡ് മൂലം കാർഷിക,വ്യാവസായിക, സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള തകർച്ച, പെട്രോളിയം ഉൽപ്പന്നങ്ങളുടെ അഭൂത പൂർവ്വമായ വിലക്കയറ്റം, പ്രകൃതി ദുരന്തങ്ങൾ ,കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തുടങ്ങിയ വിവിധങ്ങളായ കാരണങ്ങൾ വിലക്കയറ്റത്തിന് നിദാനമാണ് .** |
| (ഡി) | വിലക്കയറ്റം ഉണ്ടാക്കുന്ന വ്യവസായ ലോബികളുടെ പ്രവർത്തനങ്ങൾ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കാൻ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ധന വകുപ്പ് അല്ല. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, കൃത്രിമമായി സാധനങ്ങൾക്ക് ദൗർലഭ്യം സൃഷ്ടിക്കൽ എന്നിവ നടത്തുന്നവർക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ